**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 957** | **11-02-2025 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നികളെ വെർമിൻ വിഭാഗത്തിൽപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കൃഷിസ്ഥലങ്ങളിൽ കാട്ടുപന്നികൾ അടക്കമുള്ള വന്യമൃഗങ്ങളുടെ ശല്യം കൂടി വരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | കാട്ടുപന്നികളെ വെർമിൻ വിഭാഗത്തിൽപ്പെടുത്തണം എന്ന കർഷകരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | കേന്ദ്ര വന്യജീവി(സംരക്ഷണ) നിയമത്തിലെ വകുപ്പ് 62 പ്രകാരം കാട്ടു പന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുവാനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. പ്രസ്തുത നിയമത്തിൽ സംസ്ഥാന സർക്കാരുകൾക്ക് മാത്രം ഭേദഗതി വരുത്തുന്നത് ഇൻഡ്യൻ ഭരണഘടന പ്രകാരം സാധ്യമല്ലാത്ത കാര്യമാണ്.<br><br>കാട്ടു പന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കണമെന്ന ശുപാർശ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും ആയത് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല. വന്യജീവി (സംരക്ഷണ) നിയമ-ത്തിൽ കാലികമായ ഭേദഗതി വരുത്തണമെന്നുള്ള ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരി-നോട് നിരന്തരം അഭ്യർത്ഥിച്ച് വരുന്നുണ്ട്. കാട്ടു പന്നികളുടെ ആക്രമണം മൂലം കൃഷിക്കും, ജീവനും, സ്വത്തിനും നാശനഷ്ടങ്ങൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെ തുടർന്ന് വനേതര പ്രദേശങ്ങളിൽ കൃഷിക്കും, ജീവനും, സ്വത്തിനും വലിയ തോതിൽ ഭീഷണിയുണ്ടാക്കുന്ന കാട്ടുപന്നികളുടെ എണ്ണം കുറക്കുന്നതിനായി ഇവയെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് 2011 മുതൽ ഉപാധികളോടെ അനുമതി നൽകി വരുന്നുണ്ട്. |
| (സി) | വന്യമൃഗങ്ങളുടെ ശല്യം നിയന്ത്രിക്കുന്നതിന് കർമ്മസേന രൂപീകരിക്കാൻ വനംവകുപ്പ് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (സി) | വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് എത്തിച്ചേ-രുന്ന സാഹചര്യങ്ങളിൽ സംഘർഷ നിവാരണത്തി-നായി വിദഗ്ദ്ധ പരിശീലനം നേടിയ വനം വകുപ്പ് ജീവനക്കാരെ ഉൾപ്പെടുത്തി ദ്രുതകർമ്മ സേനകൾ (RRT) രൂപീകരിച്ചിട്ടുണ്ട്. അടുത്തിടെ പുതുതായി രൂപീകരിച്ച 9 എണ്ണം അടക്കം സംസ്ഥാനത്താകെ |

| | | | |
|---|---|---|---|
| | | | ഇത്തരത്തിലുള്ള 28 സ്ഥിരം ദ്രുതകർമ്മ സേനകളെ വിന്യസിച്ചിട്ടുണ്ട്. പ്രസ്തുത ദ്രുതകർമ്മ സേനകൾ 24 മണിക്കൂറും സേവന സജ്ജരാണ്. |

സെക്ഷൻ ഓഫീസർ